യത്തോടെ ഉള്ളൂരിൽ ആരംഭിച്ച "സൊസൈറ്റി ഫോർ റിഹാബിലിറ്റേഷൻ ഓഫ് കൊഗ്നിറ്റീവ് ആന്റ് ഡിസ്ഓർഡേഴ്സ്" എന്ന സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനം സാമ്പത്തിക പരാധീനതമൂലം മുന്നോട്ടു പോകാൻ കഴിയാത്ത സ്ഥിതിയിലാണെന്ന് അവിടെ പഠനം പരിശീലനം നടത്തുന്ന കുട്ടികളുടെ രക്ഷാകർത്താക്കളിൽനിന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) പരാതികൾ പരിഗണിച്ച് പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) 1. പഠനവൈകല്യമുള്ള കുട്ടികളുടെ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുക.

2. പഠനവൈകല്യമുള്ള കുട്ടികളെ കണ്ടെത്താനും അവർക്കു വേണ്ട പഠനസൗകര്യങ്ങൾ മെച്ചപ്പെടുത്താനും സാധാരണ സ്കൂളിലെ അദ്ധ്യാപകർക്ക് ഘട്ടംഘട്ടമായി പരിശീലനം നൽകുക.

3. തീവ്രമായ വൈകല്യമുള്ള കുട്ടികൾക്ക് ഈ കേന്ദ്രത്തിൽ തന്നെ പ്രത്യേക പരിശീലനം നൽകുക എന്നിവയാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ.

(ബി) ഉണ്ട്.

(സി) പരിശോധിക്കുന്നതാണ്.

31 (3190) തൃശ്ശൂരിലെ ഫൈൻ ആർട്സ് ഇൻസ്റ്റിട്യൂട്ട്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിലെ ഫൈൻ ആർട്സ് ഇൻസ്റ്റിട്യൂട്ട് ഫൈൻ ആർട്ട്സ് കോളേജായി ഉയർത്തുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത കോളേജ് എന്ന് മുതൽ പ്രവർത്തിച്ചു തുടങ്ങും;

(സി) പ്രസ്തുത കോളേജിൽ ഏതെല്ലാം കോഴ്സുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എന്നും, എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുമെന്നും വെളിപ്പെടുത്തുമോ;

ഉത്തരം

(എ) 4.12.1998 ലെ സർക്കാർ ഉത്തരവ് നം. ജി.ഒ. (എം.എസ്.) 144/98/ഉ.വി.വ. പ്രകാരം തൃശ്ശൂരിലെ ഫൈൻ ആർട്സ് ഇൻസ്റ്റിട്യൂട്ട് ഫൈൻ ആർട്ട്സ് കോളേജായി ഉയർത്തിയിട്ടുണ്ട്. പ്രാഥമിക പ്രവർത്തനങ്ങൾക്ക് പ്രിൻസിപ്പാളിന്റേതുൾപ്പെടെയുള്ള 5 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. മറ്റ് തസ്തികകൾ സൃഷ്ടിക്കുന്നതിലേക്കും, യൂണിവേഴ്സിറ്റിയിൽനിന്നും അഫിലിയേഷൻ നേടുന്നതിലേക്കുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ അദ്ധ്യയന വർഷം മുതൽ (1999-2000)

(സി) പെയിന്റിംഗ്, സ്കൾപ്റ്റർ, അപ്ലൈഡ് ആർട്ട് എന്നീ സ്പെഷ്യ ലൈസേഷനുകളിൽ ബി.എഫ്.എ. കോഴ്സ് ആരംഭിക്കുവാൻ 12.7.1999 ലെ ജി. ഒ. (എം.എസ്.) 78/99/ഉ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. 20 വിദ്യാർത്ഥി കൾക്കാണ് ആദ്യവർഷം പ്രവേശനം ലഭിക്കുന്നത്.

32 (3192) പ്ലസ് ടൂ അഡ്മിഷന് പി.ടി.എ. യുടെ ഫണ്ട് പിരിവ്

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മോയീൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്ലസ് ടൂ ക്ലാസ്സുകളിലേക്കുള്ള പ്രവേശനത്തിന് സ്കൂളുകളിലെ പി.ടി.എ. ഫണ്ട് പിരിവ് നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂളുകളിലെ പി.ടി.എ.കൾക്ക് ഫണ്ട്പിരിവ് നടത്താൻ സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ?

(സി) സ്കൂളുകളിലെ പി.ടി.എ.കൾ നിർബന്ധപൂർവ്വം പണപ്പിരിവ് നടത്തുന്നത് നിർത്തൽ ചെയ്യാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിർബന്ധപൂർവ്വം പിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) പരാതികൾ ലഭിച്ചാൽ നടപടികൾ സ്വീകരിക്കുന്നതാണ്.

33 (3194) ആൾസെയിൻസ് കോളേജ് പ്രിൻസിപ്പലിന്റെ നിയമനം അംഗീകരിക്കാൻ നടപടി

ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആൾ സെയിൻസ് കോളേജിൽ 1995-96 അദ്ധ്യയന വർഷത്തിൽ പ്രിൻസിപ്പൽ ആയി നിയമിതയായ സിസ്റ്റർ ലൂത റൻഷ്യയുടെ നിയമനം അംഗീകാരത്തിനായി ലഭിച്ച അപേക്ഷയിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്തു നടപടി സ്വീകരിച്ചു;

(ബി) നിയമനത്തിന് അംഗീകാരം ലഭിക്കാൻ ഇത്രയും കാലതാമസ ത്തിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപേക്ഷ സംബന്ധിച്ച് എന്തെങ്കിലും ഒരു നിർദ്ദേശം കോളേജ് അധികാരികൾക്ക് നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly